# ഇന്ത്യ ഹൊറേക എക്സ്പോ 2025 റിപ്പോർട്ട്




ഇന്ത്യ ഹൊറേക എക്സ്പോ 2025 (ഫുഡ് ആൻഡ് ഡ്രിങ്ക് പ്രോസസിംഗ് എക്സ്പോ & ബേക്കേഴ്സ് ടെക്നോളജി ഫെയർ)ൽ ശ്രദ്ധേയ സാന്നിധ്യമായി കേരള സ്റ്റാളുകൾ. ഭക്ഷണ - പാനീയങ്ങൾ, ഡയറി ബേക്കറി, മിഠായി, മധുരപലഹാരങ്ങൾ, ലഘുഭക്ഷണ ങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി കൊണ്ട് സംഘടിപ്പിച്ച ട്രേഡ് ഫെയർ 2025 ജൂൺ 2 മുതൽ 4 വരെ തമിഴ്നാട്, കോയമ്പത്തൂർ, കോഡിസിയ ട്രേഡ് ഫെയർ കോംപ്ലക്സി ലാണ് സംഘടിപ്പിച്ചത്.



കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ (കെബിപ്പ്) നേതൃത്വത്തിൽ സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണ മേഖലയിലെ 20 യൂണിറ്റുകളാണ് ട്രേഡ് ഫെയറിൽ പങ്കെടുത്തത്. 3 ദിവസങ്ങളിലായി ഏകദേശം 25,000 ത്തിലധികം സന്ദർശകർ പങ്കെടുത്ത മേളയിൽ ഉൽപ്പന്ന വൈവിധ്യത കൊണ്ട് കേരള സ്റ്റാളുകൾ സന്ദർശക പ്രശംസ നേടിയിരുന്നു.

ഹോട്ടൽ, റെസ്റ്റോറന്റ്, കാറ്ററിംഗ്, ഭക്ഷ്യ സംസ്കരണ അനുബന്ധ മേഖലകളിലെ ഏറ്റവും പുതിയ ട്രെൻഡുകൾ, നൂതനാശയങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനും പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനുമുള്ള ഒരു മികച്ച പ്ലാറ്റ്ഫോം കേരളത്തിലെ സംരംഭകർക്ക് ഒരുക്കി നൽകുന്നതായിരുന്നു ഇന്ത്യ ഹൊറേക എക്സ്പോ 2025. ലോകമെമ്പാടുമുള്ള ഭക്ഷ്യ മേഖല വിദഗ്ധരെയും ഉത്പാദകരെയും വിതരണക്കാരെയും ഒരു കുടക്കീഴിൽ കൊണ്ട് വന്ന എക്സ്പോയിലൂടെ വിവിധ രാജ്യങ്ങളിലുള്ള സംരംഭകരുമായി ആശയവിനിമയം നടത്തുന്നതിനും വാണിജ്യ ബന്ധങ്ങളിൽ ഏർപ്പെടുന്നതിനും എക്സ്പോ വഴിയൊരുക്കി. ഭക്ഷ്യ മേഖലയിലെ ഡിജിറ്റൽ സാങ്കേതികതയുടെ ഉപയോഗം, വർക്ക്ഷോപ്പുകൾ, തത്സമയ ഉത്പന്ന നിർമാണം, പാനൽ ചർച്ചകൾ എന്നിവയും എക്സ്പോയുടെ പ്രധാന ആകർഷണങ്ങൾ ആയിരുന്നു.